# ചമയം

## ഡിജിറ്റൽ മാഗസിൻ - 2025

DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE



**ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കരുനാഗപ്പള്ളി**

DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE DIGITAL MAGAZINE

# ബി.എച്ച്.എസ്.എസ് കരുനാഗപ്പള്ളി



കരുനാഗാപ്പള്ളി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ബോയ്സ് ഹയർ സെക്കൻററി സ്കൂൾ, കരുനാഗപ്പള്ളി. കരുനാഗപ്പള്ളി സ്കൂളിന്റെ ചരിത്രം പറയുമ്പോൾ കരുനാഗപ്പള്ളിയുടെ ചരിത്രം സൂചിപ്പിക്കേണ്ടതുണ്ട്.

ഏകദേശം 400 വർഷങ്ങൾക്ക മുമ്പ് മലബാറിലെ പ്രസിദ്ധനായ ഒരു മുസ്ലിം പുരോഹിതന്റെ അനുഗ്രഹാശിസ്സുകളോടെ മതപ്രചാരണത്തിനിറങ്ങിയ ആലി ഹസ്സൻ എന്ന സിദ്ധൻ കരിനാഗത്തിന്റെ ശല്യമുണ്ടായിരുന്ന സ്ഥലത്ത് പണി കഴിപ്പിച്ച പള്ളിക്ക് കരിനാഗപ്പള്ളി എന്ന പേര് ലഭിച്ചു. വാമൊഴി വഴക്കത്താൽ അതു കരുനാഗപ്പള്ളിയായി. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന്റെ ചരിത്രം അങ്ങനെ തുടങ്ങുന്നു. കേരളത്തിലെ പ്രധാന ബുദ്ധമത കേന്ദ്രങ്ങളിലൊന്നായിരുന്ന കരുനാഗപ്പള്ളിയെന്നതിന് ചരിത്രപരമായ പിൻബലമേറെയുണ്ട്. നാനാജാതി മതസ്ഥർ സൗഹാർദ്ദത്തിൽ കഴിഞ്ഞുവന്ന കരുനാഗപ്പള്ളി സാംസ്കാരികമായും വിദ്യാഭ്യാസപരമായും എന്നും മുൻനിരയിലായിരുന്നു. മറ്റെങ്ങും കാണാനില്ലാത്ത അനുകരണീയമായ ഒരു മാതൃക സ്കൂൾ നടത്തിപ്പിൽ ഈ നാടിന് കാട്ടിക്കൊടുത്തത് മലയാള സാഹിത്യ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട കവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന യശഃ ശരീരനായ ശ്രീ. സി. എസ്. സുബ്രഹ്മണ്യൻ പോറ്റി അവർകളാണ്. 1916-ൽ ഇംഗ്ലീഷ് സ്കൂളായി അദ്ദേഹം സ്ഥാപിച്ചതാണ് ഈ മഹത്തായ വിദ്യാലയം.

BOYS' H.S.S
Since-1916
KARUNAGAPPALLY

| റവന്യൂ ജില്ല |
| --- |
| കൊല്ലം |
| വിദ്യാഭ്യാസ ജില്ല |
| കൊല്ലം |
| ഉപജില്ല |
| കരുനാഗപ്പള്ളി |
| പ്രധാന അദ്ധ്യാപിക |
| ടി സരിത |
| പി.ടി.എ. പ്രസിഡണ്ട് |
| എച്ച് എ സലാം |
| എം.പി.ടി.എ. പ്രസിഡണ്ട് |
| ശ്രീമതി മായ |

# സ്ഥാപകൻ



**ശ്രീ..സി.എസ്..സുബ്രഹ്മണ്യൻ പോറ്റി**

# ആശംസ



കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ അഭിമാനമായ "Little Kites" യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ, 2024-25 അധ്യയനവർഷത്തെ പഠനപ്രവർത്തനങ്ങൾ, വിവിധ ക്ലബ്ബുകളുടെ activities, Little Kites അംഗങ്ങളുടെ സാഹിത്യ-കലാരചനകൾ എന്നിവയെല്ലാം കോർത്തിണക്കി, വളരെ മനോഹരമായി തയ്യാറാക്കിയിരിക്കുന്ന "Digital Magazine " ന് എല്ലാവിധ ആശംസകളും നേരുന്നു.

ഈ ഉദ്യമത്തിൽ പങ്കാളികളായ എല്ലാ അംഗങ്ങൾക്കും, നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാരായ എൻ സുഭാഷ് , ജയകൃഷ്ണൻ ,ബെൻസി ബി ,രജനി ബി എന്നിവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. "Little Kites" കൂടുതൽ ഉയരങ്ങളിലേക്ക് പറക്കട്ടെ....

എൽ ശ്രീലത

# ആശംസ




കേരളത്തിലെ സ്കൂൾ കുട്ടികളുടെ ഏറ്റവും വിപുലമായ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ഇന്ത്യയിൽ തന്നെ ഇത്തരത്തിലൊന്ന് ഉണ്ടാകാൻ ഇടയില്ല.ഇന്ത്യയിലെ ആദ്യത്തെ Digital സംസ്ഥാനമാണ് കേരളം.സംസ്ഥാനത്തെ 2100 ലധികം വിദ്യാലയങ്ങളിലായി മൂന്നര ലക്ഷത്തിൽ പരം വിദ്യാർത്ഥികൾ അംഗങ്ങളായിട്ടുള്ള Little kites ഈ രംഗത്ത് നടത്തി വരുന്ന ഇടപെടലുകൾ മാതൃകാപരമാണ്

ശാസ്ത്ര സാങ്കേതിക മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വിജ്ഞാന വിസ്ഫോടനത്തിന്റെ സദ്ഫലങ്ങൾ മനുഷ്യ പുരോഗതിക്ക് പ്രയോജനമാകുന്ന നിലയിലേക്ക് വളർത്തിയെടുക്കാനുള്ള പരിശ്രമത്തിലാണ് ലിറ്റിൽ കൈറ്റ്സ്..കുട്ടികളിലുള്ള കലാപരവും കായികപരവുമായ വാസനകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സർഗ്ഗാത്മകമായ ഇടപെടലുകളും ഇവിടെ നടക്കുന്നു.

ലിറ്റിൽ കൈറ്റ്സ് നടത്തി വരുന്ന ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇവിടെ തയ്യാറാക്കുന്ന 'ചമയം' എന്ന പ്രസിദ്ധീകരണത്തിന് കഴിയും എന്ന് ഉത്തമ വിശ്വാസം എനിക്കുണ്ട്.ഇതിൽ പങ്കാളിയായ വിദ്യാർത്ഥികളെയും ചുമതല വഹിക്കുന്ന അധ്യാപകരെയും അഭിവാദ്യം ചെയ്യുന്നു

വി.പി.ജയപ്രകാശ് മേനോൻ

# ആശംസ



നമ്മുടെ സ്കൂളിൽ എല്ലാ വർഷത്തേയും പോലെ ഈ വർഷവും ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട് . ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഈ മാഗസിൻ കുട്ടികളുടേയും രക്ഷാകർത്താക്കളുടേയും സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കും എന്നതിൽ തർക്കമില്ല.ഇതിന് നേതൃത്വം നൽകുന്ന നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഷ്സിനും കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

സരിത റ്റി

ഹെഡ്മിസ്ട്രസ്സ്

# ഒരു വാക്ക്.......

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ നേതൃത്വത്തിൽ, ഭാഷാപ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ചമയം. കൈയെഴുത്തുമാസികകളിൽനിന്ന് വ്യത്യസ്തമായി, ആധുനികസാങ്കേതികവിദ്യകള്ള പയോഗിച്ച് വിദ്യാർഥികൾതന്നെ മാഗസിൻ തയ്യാറാക്കിയെന്നതാണ് ഇതിന്റെ പ്രത്യേകത . വിദ്യാർഥികൾ, അധ്യാപകർ, എന്നിവരിൽനിന്നു സൃഷ്ടികൾ ശേഖരിച്ച് ,സ്വതന്ത്ര സോഫ്റ്റ്വേർ ആയ സ്ക്രൈബസ് ഉപയോഗിച്ചാണ് മാഗസിൻ തയ്യാറാക്കിയത്. ഒരുകൂട്ടായ പ്രവർത്തനത്തിന്റെ ഉല്പന്നമാണിത്. വിവിധ ഘട്ടങ്ങളിൽ ഒരുപാടു പേരുടെ സഹായങ്ങൾ ലഭിച്ചിട്ടുണ്ട്.ഇതിലെ രചനകൾ ടൈപ്പ് ചെയ്യുക എന്നത് ശ്രമകരമായ ജോലിതന്നെ ജോലി തന്നെ ആയിരുന്നു. എഡിറ്റിങ്ങും ശ്രമകരമായ പണിതന്നെ ആയിരുന്നു. പരമാവധി ഭംഗിയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്.എങ്കിലും ചില തെറ്റുകൾ കടന്നു കൂടിയട്ടുണ്ടാകാം .അവയൊക്കെ ക്ഷമിക്കുമല്ലോ.ഈ സംരഭത്തിൽ സഹകരിച്ചവർക്കെല്ലാം നന്ദി സൂചിപ്പിച്ച് കൊണ്ട് വയനക്കാർക്കായി **ചമയം** സമർപ്പിക്കുന്നു.........

**കൈറ്റ്സ് മാസ്റ്റേഴ്സ്**

**സുഭാഷ് എൻ**

**ജയകൃഷ്ണൻ ജെ**

**ബെൻസി ബി**

**രജനി ബി**

# താളുകളിലൂടെ..............


| | |
|---|---|
| 1.വീണുപോകാതെ വീണ്ടും നടന്നവർ | 8 |
| 2.ഗണിതോത്സവം | 9 |
| 3.വായനാഅനുഭവം | 10 |
| 4.സ്വാർത്ഥമായ ആഗ്രഹം | 11 |
| 5.My School | 12 |
| 6.സൈബർ സുരക്ഷാ പരിശീലന ക്ലാസ് | 13 |
| 7.It happened to me | 14 |
| 8.അഭിമാനതാരങ്ങൾ | 15 |
| 9.N C C ദിനാചരണം | 21 |
| 10.ഉപജില്ലാ ശാസ്ത്രോത്സവത്തിൽ ഓവറാൾ | 22 |
| 11.കുസൃതിക്കണക്കുകൾ | 23 |
| 12.മഴ | 24 |
| 13.മരുസ്ഥലി | 25 |
| 14.നന്മ വറ്റാത്ത ഭാരതം | 26 |
| 15.മഴയോടിത്തിരി സ്വകാര്യം | 27 |
| 16.The Weight of Unseen Scars | 28 |
| 17.സൈബർ സുരക്ഷ | 30 |
| 18.പഠനയാത്ര | 31 |
| 19.ടാലന്റ് -2024 | 32 |
| 20.ചിത്രജാലകം | 33 |
| 21.നന്ദി | 34 |

# വീണുപോകാതെ വീണ്ടും  നടന്നവർ



അതിരാവിലെ അടുക്കളയിൽ ആരംഭിക്കുന്ന കർത്തവ്യബോധം തിരക്കിട്ട് ജോലികൾ ഒതുക്കി ഇറങ്ങി വീട്ടിൽ നിന്ന് ഒരു കിലോമീറ്റർ അകലെയുള്ള ബസ് സ്റ്റോപ്പിൽ എത്തണം. അല്പം താമസിച്ചാൽ പതിവ് ബസ്സ് നഷ്ടമാകും .ടൂ വീലറിന്റെ സ്പീഡ് ഒന്ന് കൂട്ടി.... ബസ് സ്റ്റോപ്പിൽ എത്തി. പതിവ് കൂട്ടുകാരെ ഒന്നും കാണാനില്ല ...ഈശ്വരാ ഒറ്റയ്ക്കായോ, പിറകിൽ നിന്നൊരു വിളി .'ടീച്ചർ 'ഹായ്, സിന്ധു ടീച്ചർ  നമ്മൾ ഇന്നലെ പോയ ബസ്സ് , ഇപ്പോൾ പോയതേയുള്ളൂ. ബാക്കിയുള്ളവരൊക്കെ അതിൽ പോയിട്ടുണ്ടാകും. സാരമില്ല അടുത്ത ബസ്സ് ഇപ്പോൾ വരും. പറയാൻ മറന്നു സ്വന്തം സ്കൂളിൽ നിന്നും 40 കി. മീ അകലെയുള്ള പേപ്പർ വാല്യുയേഷൻ ക്യാമ്പിലേക്കാണ് യാത്ര. കൃത്യ സമയത്ത് എത്തണം പ്രായത്തിൽ ജൂനിയർ ആണെങ്കിലും, ക്യാമ്പ് ഓഫീസർ മുഖം നോക്കാതെ സംസാരിക്കും.... വെറുതെ അദ്ദേഹത്തിന് പ്രഷർ കൂട്ടണ്ട... ബസ്സിൽ കയറിക്കൂടണം സമയത്തിന്റെ വില അറിയുന്ന സമയം, കാത്ത് നിൽപ്പ് നീണ്ടു .ഒപ്പം യാത്രക്കാരുടെ തിരക്കും...ദേ വരുന്നു KSRTC സിഫ്റ്റ് തിരുവനന്തപുരം. അപാര തിരക്ക് വല്ല വിധേനയും ഉള്ളിലായി... കമ്പിയിൽ പിടുത്തം കിട്ടി... മൂന്നുപേർക്ക് ഇരിക്കാവുന്ന ഒരു സീറ്റിൽ ഒരു വേക്കൻസി മുന്നിൽ നിന്ന ചെറുപ്പക്കാരൻ രൈണ്ണം കരസ്ഥമാക്കി. തത്രപ്പെട്ട് ഒന്ന് ഞാനും 'ടിക്കറ്റ്സ്, ടിക്കറ്റ്സ്'' കണ്ടക്ടറുടെ ശബ്ദം  ബാഗിൽ നിന്ന് ഒരു നൂറു രൂപാ നോട്ട് എടുക്കുന്നതിനിടയിൽ തൊട്ടടുത്തിരുന്ന ചെറുപ്പക്കാരൻ ഒരു 'കഴിവിള'. എന്തോ അരുതാത്തത് കേട്ടതുപോലെ കണ്ടക്ടർ 'എവിടയാണ്'?  പേടിച്ചരണ്ട  യാത്രക്കാരൻ പറയാൻ പാടില്ലാത്തതുപറഞ്ഞതുപോലെ വീണ്ടും 'കഴിവിള. തനിക്ക് മാത്രം അവകാശപ്പെട്ട ബെല്ലിന്റെ ചരടിൽ കണ്ടക്ടർ സർവ്വ ദേഷ്യവും തീർത്തു 'ഇത് അവിടെയൊന്നും പോവില്ല' 'ഇറങ്ങിക്കോ' 'കിട്ടിയ അവസരത്തിൽ ഒന്നു ഇടപെട്ടു' 'സർ കഴക്കൂട്ടം ടിക്കറ്റ് നൽകിക്കോളൂ' 'അവിടെനിന്ന് കഴി വിളയ്ക്ക് ബസ് കിട്ടും' 'മരുഭൂമിയിൽ പെയ്ത മഴപോലെ ആ യുവാവ് എന്റെ നേരെ തിരിഞ്ഞു' അവിടേക്കാണോ മാഡം?' 'അല്ല പക്ഷേ, ആ സ്ഥലം എനിക്കറിയാം ? NISH ലേക്കാണോ? കേൾവി പരിശോധിക്കാനാണോ' ? ടിക്കറ്റ് വാങ്ങുന്നതിനിടയിൽ മുറിഞ്ഞു പോയ സംഭാഷണം അനിയനാണ്. 24 വയസ്സ്. കേൾക്കാനോ, സംസാരിക്കാനോ കഴിയില്ല. വീട് എവിടെയാണ്?. എന്നെപ്പോലും ഞെട്ടിച്ച ഉത്തരം 'അസ്സം' ആസ്സാംകാരന്റെ മലയാളം കേട്ടപ്പോൾ ഹിന്ദി അധ്യാപികയായ ഞാൻ ഹിന്ദി മറന്നുപോയി .20 വർഷമായി കേരളത്തിൽ,നാട്ടിലെ കുടുംബഭാരം, സഹോദരിമാരുടെ വിവാഹം, മാതാപിതാക്കൾ, ഒടുവിൽ ഭിന്നശേഷിക്കാരനായ സഹോദരൻ, സ്കൂൾ കണ്ടിട്ടില്ല.... വീട്ടിൽ തനിച്ചായപ്പോൾ കൂടെ കൂട്ടി. കേരളത്തിൽ എത്തിച്ചു. ഇരുചെവികളും കേൾക്കില്ല. സംസാരിക്കില്ല. എഴുത്തും വായനയും അറിയില്ല അടുത്തുള്ള വർക്ക്ഷോപ്പിൽ കൊണ്ടുവിട്ടപ്പോൾ കേൾക്കുന്ന മെഷീൻ വയ്ക്കാൻ വർക്ക്ഷോപ്പ് ഉടമയുടെ നിർദ്ദേശം, പ്രൈവറ്റ് ആശുപത്രികളിലെ പണച്ചെലവിനൊടുവിൽ ആരോ ഉപദേശിച്ച നാമം 'NISH... 20 വർഷങ്ങൾക്ക് അപ്പുറത്തേക്ക് ആ പേര് എന്റെ ഓർമ്മകളെ വല്ലാതെ ഉണർത്തി. എല്ലാം മറന്ന് ആ ചെറുപ്പക്കാരന് ''NISH വാക്കുകളിലൂടെ വരച്ചു ഞാൻ കാട്ടി ...സംഭാഷണ മദ്ധ്യേ പരസ്പരം ഫോൺ നമ്പർ കൈമാറി '...ടീച്ചറേ എന്തൊരു കത്തിവയ്പാ, ഇറങ്ങുന്നില്ലേ? സിന്ധു ടീച്ചറിന്റെ കിളിനാദം ഞങ്ങളുടെ സംഭാഷണത്തെ മുറിച്ചുകളഞ്ഞു. ബസിൽ കയറിയാൽ സ്ഥിരമായി ഉറങ്ങാറുള്ള എന്നെ വിളിച്ചു ണർത്തുന്നതും, ടീച്ചർ തന്നെ ആയതുകൊണ്ട് ആ ശബ്ദത്തിൽ ജ്യേഷ്ഠ സഹോദരിയുടെ കരുതൽ...

ക്യാമ്പിൽ എത്തിയിട്ടും ഉള്ളിൽ പതിഞ്ഞുകിടന്നു. അസ്സംകാരൻ ...ക്യാമ്പിൽ നിന്നുള്ള മടക്കയാത്രയിൽ പതിവു പോലെ സൈഡ് സീറ്റിൽ കണ്ണടച്ച് ഇരുന്നെങ്കിലും, ഉറങ്ങാൻ കഴിഞ്ഞില്ല. ഭൂതകാലത്തിന്റെ ഓർമ്മകളും, വർത്തമാനകാല യാഥാർത്ഥ്യങ്ങളും. എന്നെ വല്ലാതെ നോവിച്ചു. ജോലിയിൽ കയറി ഒരു വർഷം ദൈവം എനിക്കൊരു ആൺകുഞ്ഞിനെ തന്നു. ബാഹ്യമായി യാതൊരു പ്രശ്നങ്ങളും ഇല്ല .ആരോഗ്യവാനായ കുട്ടി ....എന്നാൻ പതിയെ ഞാൻ തിരിച്ചറിഞ്ഞു. എന്റെ മകൻ സംസാരിക്കുന്നില്ല. ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ നേർച്ചകൾ, കാഴ്ചകൾ, നിറപറകൾ ഒടുവിൽ എത്തി 'NISH ഇരു ചെവി കൾക്കും കേഴ്‌വിശക്തിയില്ല എന്റെ മകന്റെ ടെസ്റ്റ് റിപ്പോർട്ട് കൈയിൽ കിട്ടിയ നിമിഷം അഗ്നി പരീക്ഷയെ അതിജീവിക്കുവാൻ ഭൂമി രണ്ടായി പിളർന്നു പോയി, ഞാനും എന്റെ മകനും, താഴ്ന്നു പോയിരുന്നെങ്കിൽ എന്ന് ഞാൻ കൊതിച്ച നിമിഷം .കൈയ്യിലിരുന്ന് എന്നെ നോക്കി നിഷ്കളങ്കമായി പുഞ്ചിരിച്ച എന്റെ മകൻ എന്നെ ജീവിത്തിലേക്ക് തിരികെ നടത്തി.

അവിടെ നിന്നും ആരംഭിച്ച പുതുയാത്ര ഓരോ യാത്രകളും നൽകിയ പാഠങ്ങൾ..... ജീവിതത്തിൽ തളർത്തിയ പരിശീലനങ്ങൾ...... പകൽ മുഴുവൻ സംസാരിക്കുന്ന കുട്ടികളോടൊപ്പം, രാത്രിയിൽ സംസാരിക്കാത്ത കുഞ്ഞിനെ സംസാരിപ്പിക്കാനുള്ള തെറാപ്പി..... പലരുടേയും പരിഹാസ വാക്കുകൾ ' മകൻ സംസാരിക്കില്ലെങ്കിലും അമ്മ നന്നായി സംസാരിക്കുമല്ലോ' ! മകന്റെ കൂടി നാവായി മാറിയ ഒരായിരം അനുഭവങ്ങൾ !!!!!!!!!!

വീണിട്ടും വീണുപോകാതെയുള്ള യാത്രയിൽ എന്റെ അനുഭവങ്ങൾ, അറിവുകൾ മറ്റുള്ളവർക്ക് പകർന്ന് നല്കുവാൻ ദൈവം നൽകുന്ന ഓരോ അവസരങ്ങൾക്കും നന്ദി 'ടീച്ചറേ' സിന്ധു ചേച്ചറിന്റെ വിളി .ഇറങ്ങേണ്ടേ? അതെ.... ഇറങ്ങണം. യാത്ര ചെയ്യാണ്ട് ഇനിയും ഏറെ ദൂരം 'കാണാനുണ്ട് ഇനിയും കാഴ്ചകൾ, മായകാഴ്ചകൾ അല്ല, മാക്കാത്ത കാഴ്ചകൾ !!!!!!!

കെ. സി ജയശ്രീ
എച്ച് എസ് റ്റി,
ബി എച്ച് എസ് എസ്
കരുനാഗപ്പള്ളി

# ഗണിതോത്സവം



സ്കൂളിൽ പണിതീർത്ത പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഗണിതോത്സവം സംഘടിപ്പിച്ചു. യുപി ,ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം കുട്ടികൾക്കായി ഉപജില്ലാതലത്തിൽ നടത്തിയ ഗണിതശാസ്ത്ര ക്വിസിലെ വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫിയും സമ്മാനിച്ചു. നമ്പരുവികാല വെൽഫെയർ സ്കൂളിലെ ഇരട്ട സഹോദരങ്ങളായ വി ഋഗ്വേദ്, വി യജുർവേദ് എന്നിവർ ഒന്നാം സ്ഥാനവും ,പുന്നക്കുളം സംസ്കൃത യുപി സ്കൂളിലെ ശ്രീഹരി സുധീഷ് ,എസ് അശ്വിൻ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ കരുനാഗപ്പള്ളി ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ സി ദിനു ടി ജെ അവതാർ എന്നിവർ ഒന്നാം സ്ഥാനവും കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ  ഐ നഫാൻ ,ദേവൻ പി ഉണ്ണിത്താൻ എന്നിവർ രണ്ടാം സ്ഥാനവും നേടി .ഹയർസെക്കൻഡറി വിഭാഗത്തിൽ തഴവ ഹയർസെക്കൻഡറി സ്കൂളിലെ എസ് ആരോമൽ ,എസ് ഗണേഷ് എന്നിവർ ഒന്നാം സ്ഥാനവും കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ മുഹമ്മദ് ജാസിം ടി എ മഹാദേവൻ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പ്രസിഡന്റ് വി പി ജയപ്രകാശ് മേനോൻ പരിപാടി ഉദ്ഘാടനം ചെയ്തു .ഐ ചിത്രലേഖ അധ്യക്ഷയായി. പ്രധാന അധ്യാപിക ടി സരിത ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപിക കെജി അമ്പിളി എന്നിവർ സംസാരിച്ചു

ഉച്ചയ്ക്കുശേഷം നടന്ന  ഗണിതശാസ്ത്ര ശില്പശാലയിൽ വിക്ടേഴ്സ് ഫെയിം എസ് എം പ്രതാപ് ക്ലാസ് എടുത്തു





**ഗണിത ക്ലബ്ബ്**

# വായനാഅനുഭവം



ഞാൻ വായിച്ചതിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നോവലാണ് പെരുമ്പടവം ശ്രീധരൻമേനോൻ രചിച്ച റഷ്യൻ സാഹിത്യകാരൻ ദസ്തയേവ്സ്കിയുടെ കഥ പറയുന്ന "ഒരു സങ്കീർത്തനം പോലെ".

മഹാനായ കഥാകാരൻ ദസ്തയേവ്സ്കിയുടെ ജീവിതം ഇരുളിൽ നിന്നും പ്രതീക്ഷയുടെ വെളിച്ചത്തിലേക്ക് കൊണ്ടുപോരുന്ന അനുഭവങ്ങളാണ് നമ്മൾ ഈ നോവലിലൂടെ അറിയുന്നത്. സാഹിത്യത്തിനു പുറമേ ആന്ന് അദ്ദേഹത്തിന് ഒഴിച്ചുകൂടാനാകാത്ത രണ്ടുകാര്യങ്ങൾ കൂടി ഉണ്ടായിരുന്നു മദ്യപാനവും, ചൂതുകളിയിയും .ഈ രണ്ട് ശീലങ്ങൾ അദ്ദേഹത്തിനെ ഭ്രാന്തിന്റെ മടിത്തട്ടിൽ എത്തിക്കുകയും ചെയ്തു. ദസ്തയേവ്സ്കിക്ക് ഒരമ്മയുടെ സ്നേഹവും ലാളിത്യവും പകർന്നിരുന്നത് അദ്ദേഹത്തിന്റെ വീട്ടിലെ കാര്യങ്ങൾ എല്ലാം നോക്കുന്ന ഫെദോസ്യ ആയിരുന്നു. പാതിരാത്രിയിൽ കയറിവരുന്ന ദസ്തയേവ്സ്കിയേയും കാത്ത് ഫെദോസ്യ എന്നും വീടിന്റെ മുൻവാതിലിൽ ഉറക്കമിളച്ച് കാത്തിരിക്കും. ജീവിതത്തിന്റെഇരുട്ടിൽ അദ്ദേഹം ചൂതുകളിയിലേക്കും മദ്യപാനത്തിലേക്കും മറഞ്ഞുകൊണ്ടേയിരുന്നു.

ഇരുളാർന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിലേക്ക് വെളിച്ചവുമായി കടന്നുവന്നവളായിരുന്നു അന്ന. തന്റെ ജേഷ്ഠന്റെ മരണശേഷം ദദസ്തയേവ്സ്കി എഴുതുവാൻ പോകുന്ന "ചൂതുകളിക്കാരൻ"എന്ന പുതിയനോവലിനായി കേട്ടെഴുത്തിന് അവൾക്ക് ഒരു ജോലികിട്ടി. ആ തൊഴിൽ അവൾ ഏറെ സന്തോഷിച്ചു .കാരണം പ്രശസ്തനായതും തന്റെയും പിതാവിന്റെയും ഇഷ്ട സാഹിത്യകാരനുമായ ഒരാളുടെ അടുത്താണ് അവൾക്ക് ഇങ്ങനെ ഒരു തൊഴിൽ കിട്ടിയത്.

അവൾ വന്നതോടെ ദസ്തയേവ്സ്കിയുടെ ജീവിതത്തിൽ പ്രതീക്ഷയുടെ മാറ്റങ്ങൾ വരാൻ തുടങ്ങി. അദ്ദേഹം തന്റെ ജീവിതകഥകൾ മുഴുവനും അന്നയോട് പറഞ്ഞു.. അദ്ദേഹത്തിന്റെ ജീവിതം
. അദ്ദേഹം തന്നെ രചിച്ച പല നോവലുകളുമായി ബന്ധമുള്ളതായിരുന്നു ദസ്തയേവ്സ്കിയുടെ പ്രശസ്തമായ നോവലായ "കുറ്റവും ശിക്ഷയും "എന്ന നോവലിനെകുറിച്ച് കഥയിൽ വിവരിക്കുന്നു-

ദസ്തയേവ്സ്കിയെ ഒരെഴുത്തുകാരനെന്ന് വിശേഷിപ്പിച്ചാൽ മാത്രം പോരാ ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ള മഹാനായ എഴുത്തുകാരനാണദ്ദേഹം. ആ ജീവിതം വായിച്ചാൽ ഏതൊരു വായനക്കാരനും കരയാതിരിക്കില്ല. ജീവിതത്തിലെ ഇടിമിന്നലുകളും ഉരുൾപൊട്ടലുകളും തുരത്താൻ സാധിക്കും ഒരു സങ്കീർത്തനം പോലെ....


മിഥുൻ.എം.വി.മധു

9D

# സ്വാർത്ഥമായ ആഗ്രഹം



ഒരിക്കൽ ഒരു ഗ്രാമത്തിൽ രണ്ട് സഹോദരങ്ങളുണ്ടായിരുന്നു.അവരുടെ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ മരിച്ചുപോയി. ദാരിദ്ര്യം നിറഞ്ഞ ഒരു ജീവിതമായിരുന്നു അവരുടേത്. ഒരിക്കൽ കാട്ടിൽ നിന്ന് വിറക് ശേഖരിച്ച് തിരിച്ച് വരുന്ന സമയത്ത് അവർ ഒരു ഗുഹയുടെ മുന്നിൽ എത്തിപ്പെട്ടു. ആ ഗുഹ എങ്ങനെ മറികടക്കണമെന്ന് അവർക്കറിയില്ലായിരുന്നു.എങ്കിലും അവർ അകത്തേക്ക് കടന്നു. അങ്ങനെ നടക്കുന്ന സമയത്ത് അവരുടെ മുന്നിൽ ഒരു വൃദ്ധൻ വന്നു.വൃദ്ധൻ അവർക്ക് മുന്നിലേക്കുള്ള വഴി കാണിക്കാമെന്നും പക്ഷേ ഗുഹയിലുള്ള ഒരു വസ്തുവിനെയും നോക്കരുതെന്നും പറഞ്ഞു. ഗുഹയിലൂടെ പോകുമ്പോൾ ഒരു നിധിപ്പെട്ടി അവരുടെ മനസ് ആകർഷിച്ചു. ഗുഹയിൽ നിന്ന് പുറപ്പെട്ട അവർ വീട്ടിൽ ചെന്നു.ആ നിധിപ്പെട്ടിയെപറ്റി ആലോചിച്ചു. അവർക്ക് എങ്ങനെയും അത് കൈക്കലാക്കണമെന്നായി. അടുത്ത ദിവസം അവർ രണ്ടുപേരും അവിടേക്ക് പോവാൻ തീരുമാനിച്ചു. നിധി ഒറ്റയ്ക്ക് കൈക്കലാക്കണമെന്നാണ് രണ്ടുപേരുടേയും ലക്ഷ്യം. മൂത്ത സഹോദരൻ അതിനായി അനിയനെ കൊന്നു.അനിയൻ മരിച്ചതിനു ശേഷം അവൻ നിധിയുടെ അരികിലേക്ക് നടന്നു. നിധിപ്പെട്ടി തുറന്നുനോക്കിയപ്പോൾ കണ്ടത് മനുഷ്യന്റെയും മൃഗങ്ങളുടേയും എല്ലുകൾ. പെട്ടന്ന് ഒരു അശരീരി കഴിഞ്ഞദിവസം തങ്ങളെ സഹായിച്ചത് വൃദ്ധനല്ല മറിച്ച് ദൈവമാണന്നും സ്വാർത്ഥതയ്ക്കു വേണ്ടി തന്റെ സഹോദരനെ വധിച്ച നീ ജീവിക്കാൻ അർഹനല്ലന്നും പറഞ്ഞു. അവൻ നിന്ന സ്ഥലം ഒരു ചതുപ്പ് നിലമായിമാറി. പെട്ടന്ന് അവന്റെ അനുജന്റെ ആത്മാവ് പ്രത്യക്ഷമായി.അപ്പോൾ പൊട്ടിക്കരഞ്ഞു കൊണ്ട് അവൻ അനുജന്റെ അടുക്കൽ ക്ഷമ ചോദിച്ചു.അങ്ങനെ അനുജന്റെ കൂടെ അവനും യാത്രയായി.

**AVATAR.T.J**
**8 G**

# My School



There is no colour in my school,
There is no caste or religion there
There is no smart and no weak
We are friends and we are equal

We have Onam and Chritmas
And Ramzan is also there in my school
We gather and celebrate together
We are friends and we are equal

Come on, come on everybody
Let's love each other
Join, join in my school
And let's become good humans



By: SADHUJ.S

7A

# സൈബർ സുരക്ഷാ പരിശീലന ക്ലാസ്



സൈബർ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ,കുട്ടികൾക്ക് സൈബർ തട്ടിപ്പുകൾ തിരിച്ചറിയുവാനും, അവ പ്രതിരോധിക്കാനുമായി നവംബർ 14 ന് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു സൈബർ സുരക്ഷാ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.കൊല്ലം സൈബർ സെല്ലിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ അരുൺ കുമാർ സർ ക്ലാസ് കൈകാര്യം ചെയ്തു.സ്കൂൾ ഹെഡ്മിസ്ട്രസ്  സരിത ടീച്ചർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കൈമാസ്റ്റർ ജയകൃഷ്ണൻ സർ  അധ്യക്ഷനായ യോഗത്തിന് എൻ സുഭാഷ് സ്വാഗതവും ബെൻസി ടീച്ചർ നന്ദിയും പറഞ്ഞു

**LITTLE KITES**



# IT Happened To me



Once when I was six years old my family and I were travelling by train to our native place. It was afternoon and everyone in my bogie was just asleep. I felt like playing with water. So I tiptoed to the bathroom of our bogie, ignoring my mother's earlier w

arning not to go anywhere without her permission. Once inside, I latched the door and began playing with water. After some time I wanted to get out. But when, tried to unlatch the door it would not open. I began to yell at the top of my voice. On hearing my screams, my mother started pulling the door from outside . Finally the latch loosened and I managed to open the door. Ever since, I have never ignored my elders words

**P.B.Nandakishore**

**6B**

# അഭിമാന താരങ്ങൾ

## BOYS' H S S KARUNAGAPPALLY

### *Attended sports players in national level 2024-25*



RAZULKHAN S
NATIONAL
JUDO
CHAMPIONSHIP
@JAMMU AND KASHMIR



MUHAMMED RAFEEK A
NATIONAL
SENIOR BASEBALL
CHAMPIONSHIP
@MAHARASHADRA



ARJUN S
NATIONALJUNIOR
JUNIOR BASEBALL
CHAMPIONSHIP
@ PANJAB

**Successful winning sports participated in the state of Kerala 2024-25**



RAZULKHAN S
KERALA STATE
GOLD MEDALIST
JUNIOR JUDO
CHAMPIONSHIP



DAVID SAJI JOHN
KERALA STATE
SILVER MEDALIST
SENIOR JUDO
CHAMPIONSHIP



MUHAMMED RAFEEK A
KERALA STATE
SILVER MEDALIST
SENIOR BASEBALL
CHAMPIONSHIP



AGTHAS T NASIM
KERALA STATE
SILVER MEDALIST
SENIORBASEBALL
CHAMPIONSHIP

# അഭിമാന താരങ്ങൾ



ABIN BABU
KERALA STATE
SILVER MEDALIST
SENIOR BASEBALL
CHAMPIONSHIP



ADITHYAN S
KERALA STATE
SILVER MEDALIST
SENIOR BASEBALL
CHAMPIONSHIP



ANAS S.S
KERALA STATE
SILVER MEDALIST
SENIOR BASEBALL
CHAMPIONSHIP



ADARSH S
KERALA STATE
SILVER MEDALIST
SENIOR BASEBALL
CHAMPIONSHIP



FAISAL S
KERALA STATE
BRONZE MEDALIST
JUNIOR BOXING
CHAMPIONSHIP



A.FAREED AHMAD
KERALA STATE
BRONNZE MEDALIST
JUNIOR JUDO
CHAMPIONSHIP



ABDULLAH N
KERALA STATE
BRONZE MEDALIST
JUNIOR TAEKWONDO
CHAMPIONSHIP



ADITHYAN R S
KERALA STATE
BRONZE MEDALIST
JUNIOR BOXING
CHAMPIONSHIP



MUHAMMED RISWAN
KERALA STATE
BRONZE MEDALIST
JUNIOR JUDO
CHAMPIONSHIP



MUHAMMED RAZIN
KERALA STATE
BRONZE MEDALIST
JUNIOR TAEKWONDO
CHAMPIONSHIP



RIZWAN A
KERALA STATE
BRONZE MEDALIST
JUNIOR JUDO
CHAMPIONSHIP



HAIFA M SIYAD
KERALA STATE
BRONZE MEDALIST
SENIOR TAEKWONDO
CHAMPIONSHIP

# അഭിമാന താരങ്ങൾ



FAHAD.I
KERALA STATE
BRONZE MEDALIST
SENIOR JUDO
CHAMPIONSHIP



MUHAMMED ASHIK
KERALA STATE
BRONZE MEDALIST
JUNIOR BOXING
CHAMPIONSHIP



ABHINAV M GIRISH
KERALA STATE
PARTICIPATION
JUNIOR JUDO
CHAMPIONSHIP



MUHAMMED FAVAS
KERALA STATE
PARTICIPATION
NET BALL
CHAMPIONSHIP

## Athletes participated in the state of Kerala-2024-25



ATHUL KRISHNA.B
KERALA STATE
PARTICIPATION
SENIOR ARCHERY
CHAMPIONSHIP



NIRANJAN ANEESH
KERALA STATE
PARTICIPATION
JUNIOR CRICKET
CHAMPIONSHIP



AYUSH KRISHNA.B
KERALA STATE
PARTICIPATION
SENIOR YOGA
CHAMPIONSHIP



MUHAMME ZAIN
KERALA STATE
PARTICIPATION
BASKETBALL
CHAMPIONSHIP



MUHAMMED RAFI
KERALA STATE
PARTICIPATION
JUDO
CHAMPIONSHIP



NABHAN AHAMMED
KERALA STATE
PARTICIPATION
JUNIOR BOXING
CHAMPIONSHIP



AMAL MUHAMMED
KERALA STATE
PARTICIPATION
JUNIOR FOOTBALL
CHAMPIONSHIP



ASWIN R V
KERALA STATE
PARTICIPATION
AQUATICS
CHAMPIONSHIP

# അഭിമാന താരങ്ങൾ



ARJUN S
KERALA STATE
PARTICIPATION
JUNIOR ARCHERY
CHAMPIONSHIP



THARIQUE MUHAMMED
KERALA STATE
PARTICIPATION
SENIOR ARCHERY
CHAMPIONSHIP



AJMAL A
KERALA STATE
PARTICIPATION
SENIOR ARCHERY
CHAMPIONSHIP



VINAYAK PRAKASH
KERALA STATE
PARTICIPATION
SENIOR ARCHERY
CHAMPIONSHIP



MIDHUN M
KERALA STATE
PARTICIPATION
JUNIOR CRICKET
CHAMPIONSHIP



ABHIJITH LAL M
KERALA STATE
PARTICIPATION
SWIMMING
CHAMPIONSHIP



SALMAN UL FARIS
KERALA STATE
PARTICIPATION
JUNIOR FOOTBALL
CHAMPIONSHIP



KALIDASAN C
KERALA STATE
PARTICIPATION
SUB JR FOOTBALL
CHAMPIONSHIP



MUHAMMED ASLAM H
KERALA STATE
PARTICIPATION
SUB JR KABADDI
CHAMPIONSHIP



NEERAJ T A
KERALA STATE
PARTICIPATION
JUNIOR TAEKOWNDO
CHAMPIONSHIP



A.FAREED AHAMAD
KERALA STATE
PARTICIPATION
JUNIOR THLETICS
CHAMPIONSHIP



AL HAFIZ S
KERALA STATE
PARTICIPATION
JUNIOR BOXING
CHAMPIONSHIP

# അഭിമാന താരങ്ങൾ



MRIDHUL KRISHNA
KERALA STATE
PARTICIPATION
SENIOR SOFTBALL



ADWAITH C S
KERALA STATE
PARTICIPATION
SENIOR BADMINTON



SARANYA S PAI
KERALA STATE
PARTICIPATION
JUNIOR CRICKET



ADITHYAN O
KERALA STATE
PARTICIPATION
SENIOR JUDO



ALAN PRAKASH
KERALA STATE
PARTICIPATION
SENIOR JUDO
CHAMPIONSHIP



RISHIKESH S
KERALA STATE
PARTICIPATION
SENIOR JUDO
CHAMPIONSHIP



ADHIL MUHAMMED S
KERALA STATE
PARTICIPATION
JUNIOR ARCHERY
CHAMPIONSHIP



IBRAHIM B
KERALA STATE
PARTICIPATION
S.R SWIMMING
CHAMPIONSHIP



HAYA ZAKEER
KERALA STATE
PARTICIPATION
SENIOR JUDO
CHAMPIONSHIP



THEJAS S
KERALA STATE
PARTICIPATION
JUNIOR SOFTBALL
CHAMPIONSHIP



ISHAN JYOTHI
KERALA STATE
PARTICIPATION
JUNIOR JUDO
CHAMPIONSHIP



ADHIL MUHAMMED N
KERALA STATE
PARTICIPATION
JUNIOR KABADDI
CHAMPIONSHIP

# അഭിമാന താരങ്ങൾ

## സംസ്ഥാനകലോത്സവത്തിൽ എ ഗ്രേഡ് നേടിയ പ്രതിഭകൾ



വട്ടപ്പാട്ട് - എച്ച്. എസ്.



അറബനമുട്ട് - എച്ച്. എസ്.



ദിനു സി.
ലിറ്റിൽ കൈറ്റ്സ്
സംസ്ഥാന ക്യാമ്പ്



ഹനാൻ മുഹമ്മദ്
കയർഡോർമാറ്റ്
പ്രവൃത്തിപരിചയമേള
സംസ്ഥാന ശാസ്ത്രോത്സവം

# N C C ദിനാചരണം



സ്കൂളിലെ എൻ സി സി കേഡറ്റുകൾ, എൻ സി സി ദിനാചരണത്തിന്റെ ഭാഗമായി സഹപാഠികൾക്ക് ഭക്ഷണം ഒരുക്കി. ഓരോ എൻ സി സി കേഡറ്റും അവർ വീടുകളിൽ തയ്യാറാക്കിയ ഭക്ഷണം സ്കൂളിലെത്തിച്ച് സ്കൂളിലെ എല്ലാ കുട്ടികൾക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകിയത് ഒരു വേറിട്ട പരിപാടിയായി.സ്കൂൾ എൻ സി സി ഓഫീസർ സതിഷ് എച്ച് പരിപാടിക്ക് നേതൃത്വം നല്കി

NCC



# ഉപജില്ലാ ശാസ്ത്രോൽസവത്തിൽ വീണ്ടും ഓവറോൾ കിരീടം



ഒക്ടോബർ 23-24 തീയതികളിലായി കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിൽ വച്ച് നടന്ന ശാസ്ത്ര- ഗണിതശാസ്ത്ര- സാമൂഹ്യശാസ്ത്ര- പ്രവൃത്തിപരിചയ- ഐ ടി മേളയിൽ 681 പോയിന്റ് നേടി ഓവറോൾ കിരീടം നിലനിർത്തി.കരുനാഗപ്പള്ളി മുൻസിപ്പൽ ചെയർമാൻ കോട്ടയിൽ രാജു അദ്ധ്യക്ഷനായ സമാപനയോഗത്തിൽ വച്ച് ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം എൽ എ സി ആർ മഹേഷിൽ നിന്നും ഓവറോൾ ട്രോഫി ഏറ്റുവാങ്ങി



കരുനാഗപ്പള്ളി ഉപജില്ലാ ശാസ്ത്രമേള

## ബോയ്സ് എച്ച്എസ്എസിന് ഓവറോൾ കിരീടം



# കുസൃതി കണക്കുകൾ



1 . ഗുണിക്കുമ്പോൾ കൊലയാളി കൂട്ടുമ്പോൾ നിഷ്ക്രിയൻ

ഉത്തരം :  പൂജ്യം

2.തലകുത്തനെ നിന്നാൽ  വലുതാകുലാകുന്നതാര്?

ഉത്തരം :  ആറ്



3. നൂറിൽ നിന്ന് ഒന്ന് എത്ര തവണ കുറയ്ക്കാം?

ഉത്തരം:  ഒരു തവണ കുറക്കാം

4.  എട്ട് എട്ട് കൊണ്ട് ആയിരം ആക്കാമോ

ഉത്തരം :  888+88+8+8+8 = 1000

5.പത്ത് പേർ പത്ത് മിനിറ്റു കൊണ്ട്  പത്ത് മാങ്ങ പറിക്കുമെങ്കിൽ ഒരാൾക്ക് ഒരു മാങ്ങ പറിക്കാൻ എത്ര  സമയം വേണം?

ഊത്തരം:  പത്ത് മിനിറ്റ്

6. നൂറു പേർ പോകുന്ന ചടങ്ങിൽ നിന്ന് തിരിച്ച് വരുന്നത് നൂറ്റിയൊന്ന്  ആളുകൾ

ഉത്തരം:  വിവാഹച്ചടങ്ങ്

7. നാലും മൂന്നും കൂട്ടുമ്പോൾ എട്ട് കിട്ടുന്നത് എപ്പോൾ?

ഉത്തരം  :  തെറ്റായികൂട്ടുമ്പോൾ

8. ഞാനൊരു ഓട് നമ്പരാണ്  എന്നിൽ നിന്ന് ഒരു അക്ഷരം മാറ്റിയാൽ  ഈവൻ നമ്പരാകും എന്നാൽ ഞാനാര്

ഉത്തരം:  Seven  even

9. കണ്ടാൽ മണ്ടൻ കാര്യത്തിൽ കേമൻ വലതു നിന്നാൽ അതിശക്തൻ

ഉത്തരം:  പൂജ്യം

10. ജോമട്രിക്കൽ ക്ലാസിൽ കണക്കുമാഷിനെ സഹായിക്കാൻ വന്ന രണ്ടു പെൺകുട്ടിയുടെ പേരെന്ത്

ഉത്തരം:  ബിന്ദു

**Irfan 8D**

# മഴ

കുളിരാണ് മഴ ,
ഉയിരാണ് മഴ,
ഉണർവാണ് മഴ,
പച്ചപ്പാണ് മഴ,

കർഷകർക്കെന്നും
തണലേകും മഴ ,
നിറഞ്ഞൊഴുകട്ടെ മഴ
നീർച്ചാലുകൾ ,
നിറഞ്ഞൊഴുകട്ടെ
മനുഷ്യ മനസ്സു മധുപോൽ,
സ്നേഹത്തിനാൽ .......
നിറയട്ടെ ധരിത്രിയിൽ
സ്നേഹവും സമൃദ്ധിയും

സാധക് എസ് 7A



# മരുസ്ഥലി



വണ്ടി ശാന്തമായിരുന്ന മണൽ ച്ചുഴികളിലൂടെയുള്ള യാത്രയ്ക്ക ശേഷം സ്റ്റേഷൻ അടുത്തു. ഉണങ്ങി പിടിച്ച എൻ്റെ തൊണ്ട ഒരു കുപ്പി തണുത്തവെള്ളത്തിനായി കരഞ്ഞു. സ്റ്റേഷൻ എത്തിയപ്പോൾ തന്നെ വണ്ടിയിൽ നിന്നും ചാടി ഒരു കുപ്പിവെള്ളം വാങ്ങി കുടിച്ചു തീർത്തു. പിന്നേയും തുടർന്നു ഈ പ്രതിഭാസം ......

" മതി...... ഇനി ഏതാണ്ട് ഒരു മണിക്കൂർ കൂടി പോരെ?ഇപ്പോൾ എത്തും. " ഞാൻ എന്നോട് എൻ്റെ വറ്റി വരണ്ട കോഗങ്ങളോടും പറഞ്ഞു. ഏതാണ്ട് പത്ത് നാല്പത്തിയഞ്ച് നിമിഷം കഴിഞ്ഞ് എൻ്റെ സ്ഥാനം എത്തി.സാവായി ഗ്ഗ്ണ്ടാർ എന്ന സ്റ്റേഷൻ !! ഈ പേര് എന്നെ ആദ്യം തന്നെ ആകർഷിച്ചു. പുറത്തേക്ക് ഇറങ്ങിയപ്പോൾ ആ ലോക്കൽ ട്രെയിനിനേക്കാളും മോശമായ അവസ്ഥ. ദേശാടനപക്ഷികളേക്കാളും പറന്ന് നടക്കാനുള്ള ആവേശത്തിലാണ് ഓരോ മണൽത്തരികളും 'അവ പലപ്പോഴായി എൻ്റെ കണ്ണുകളേയും, ശ്വാസനാളത്തേയും ആക്രമിച്ചു. ഗ്ലാസ്സും, മാസ്കും ധരിച്ചപ്പോഴാണ് എല്ലാം നിയന്ത്രണത്തിൽ വന്നത്. സ്റ്റേഷനിൽ ഞാനല്ലാതെ എട്ട് പത്ത് പേർ മാത്രം. സാന്ദ്രത തീരെ കുറവ് !! ഞാൻ എൻ്റെ സുഹൃത്തുക്കളുടെ മുഖത്തിനായി കാത്തിരുന്നു.

കൈയ്യിലെ എച്ച്.എം.റ്റി. പതിനൊന്നിൽ എത്തിയപ്പോൾ ഞാൻ എണീറ്റ് നടന്നു. അപ്പോഴേക്കും മണൽക്കാറ്റ് ഓടി തളർന്നു ഞാൻ പേജർ വഴി ചോദിച്ചപ്പോൾ "20 Mn " എന്ന് കാട്ടി. ഞാൻ ഇരുന്ന് തളർന്നതിനാൽ ഒരു കാപ്പിക്കായി ഒരു പെട്ടി കടയിലേക്ക് നീങ്ങി .ഭാഷ അവ്യക്തം....... ചെന്നപ്പോൾ ഒരു യുവതിയാണ് ഇരിക്കുന്നത്. കൂടിപ്പോയാൽ ഒരു ഇരുപത്തി ഒന്ന് വയസ്സ് അവളുടെ വസ്ത്രാലങ്കാരങ്ങൾ തനത് രാജസ്ഥാൻ ദേശത്തെ വരച്ച് കാട്ടുന്നു. കിലുകിലുങ്ങുന്ന ആട്ടാലങ്കാരങ്ങളും, വർണ്ണ ശബളമായ ആ ഉണങ്ങിയ സാരിയും വരച്ചു നീട്ടപ്പെട്ട കൺമഷികളും അവളെ എന്നിൽ ശ്രദ്ധയുളവാക്കി.തട്ടിയും മുട്ടിയും 'കാപ്പി ' ഒപ്പിച്ചു പറഞ്ഞു. പക്ഷേ കിട്ടിയപ്പോൾ ഒരു കടത്തിൽ മഞ്ഞകലർന്ന വെള്ളയിൽ ഒരു പാനീയം.അപ്പോഴാണ് മനസ്സിലായത് എൻ്റെ കാപ്പി 'കാൽമ സോറാട്ടി ' എന്ന മറ്റേതോ ഒരു പാനീയം ആണെന്ന് . പക്ഷേ അതിൻ്റെ രുചി ഇന്നും എൻ്റെ നാവിൽ തുള്ളിച്ചാടുന്നു.

നിമിഷങ്ങൾക്കു ശേഷം പെട്ടിയും തൂക്കി സ്റ്റേഷന് പുറത്തേക്ക് ഇറങ്ങി. അവിടെ എൻ്റെ നാട്ടിലെ ബജാജ് ഓട്ടോ എന്നത് "സിനാട്ടി' എന്ന് പേരുള്ള ഒരു പ്രാദേശിക ഒട്ടക ഇനമാണ് എന്ന് മനസ്സിലാക്കി. അവയെ പൂർണ്ണമായും മിനുക്കുകളാലും , പല വർണ്ണങ്ങളാലും അലങ്കരിച്ചിരിക്കുന്നു. അതിൽ ചിന്തിച്ചിരുന്ന് യാത്ര ചെയ്യവേ പെട്ടെന്ന് ഒരു പൊടിപടലം അങ്ങ് ദൂരെ ഉദിച്ചു പൊങ്ങുന്നത് എൻ്റെ കണ്ണിൽ പെട്ടു........അതേ ! പട്ടാള വണ്ടിയാണ്. ഒരു ചാര പച്ചനിറത്തിലുള്ള ഇരുപത്തിയാറു റെജിമെൻ്റിലെ മാരുതി ജിപ്സി .എന്നെ പരിചയപ്പെട്ട ശേഷം ഞാൻ അവരോടൊപ്പം യാത്ര തുടർന്നു. യുദ്ധസമയമായതിനാൽ തന്നെ ഗതാഗതം അതി തീവ്രമാണ്. എൻ്റെ പോസ്റ്റിംഗ് അതിർത്തിരേഖ യോട് അടുത്തായതിനാൽ യാത്രയ്ക്ക് നല്ല ദൂരവും .....ആ മണൽപ്പുഴികളെ ചുംബിച്ചു കൊണ്ട് ആ ടയറുകൾ ലക്ഷ്യസ്ഥാനത്തിലേക്ക് കുതിച്ചു....... അനന്തതയെ സാക്ഷ്യം വച്ച് ഞങ്ങൾ മുന്നിലേക്ക് പിടിച്ചു .........

**A J പാർത്ഥിവ് 9H**

# നന്മ വറ്റാത്ത ഭാരതം



എന്തു ഭംഗിയാണെന്റെ ഭാരതം
നന്മ വറ്റാത്ത തിന്മ തീണ്ടാത്ത
ഉണ്മയാർന്നോരു നാടിത്
ഹിന്ദു -മുസ്ലിം -ക്രിസ്ത്യാനി വർഗ്ഗങ്ങൾ
ഒന്നായ് പുലരുന്നിടം
ഇവിടെ സ്നേഹവും കാരുണ്യവും
ഇടമുറിയാതൊഴുകുന്നിടം
ഇവിടെ ബുദ്ധനും ജൈനനും
നന്മ പെയ്യിച്ച നാളുകൾ
ആദിശങ്കരൻ അദ്വൈതമോതിയ
പാവനപുണ്യ മണ്ണിത്
ഇവിടെ വിവേകാനന്ദ സ്വാമിതൻ
വാഗ്ധോരണി മുഴങ്ങുന്നിടം
കൃഷ്ണനും പിന്നെ ക്രിസ്തുവും
സാരവത്താക്കിയ പാരിത്
ഇവിടെ മുത്തുനബിതൻ ഗീതുകൾ
തക്ബീറായി മുഴങ്ങുന്നിടം
ഗുരുദേവനും ഗുരുദേവുമെല്ലാമേ
മക്കളായ് മരുവിയോരിടം
സിന്ധു -ഗംഗാ -യമുനാ തീരങ്ങൾ
സംസ്ക്കാരങ്ങൾ തൻ വിളനിലം
ആര്യ -ദ്രാവിഡ മിശ്ര സംസ്ക്കാര
ഭ്രവാണീകാണുന്നിടം............

MUHAMMED RIDWAN S 9D

# മഴയോടിത്തിരി സ്വകാര്യം

മഴയൊരു നാടൻ പെൺകിടാവായ്
നാണം കുണുങ്ങിയെൻ അരികിലെത്തി
ഈറനണിഞ്ഞ  വാർമുടിത്തുമ്പിൽ നിന്നോ
ഇറ്റിറ്റു വീഴുന്നു പനിനീർമഴ.
ചിന്നിച്ചിണുങ്ങി വന്നെത്തിയവളെന്റെ
മേനിയിൽ ചാഞ്ഞൊന്നു നിന്നു
അവളുടെ തണുവാർന്ന സ്പർശത്താലെന്നുടെ
അകമാകെ  കോരിത്തരിച്ചു പൊട്ടിച്ചിരിച്ചുകൊണ്ടവളെന്നിലാകവേ
ചിതറിതെറിപ്പിച്ചു ചിങ്ങമഴ.
കന്നിനിലാവിനെ കൈയാൽ മറച്ചവൾ വാരിച്ചൊരിഞ്ഞല്ലോ കന്നിമഴ.
ഉൾഭീതിയൊത്തിരി തന്നവൾ പിന്നെയാ
തുലാമഴയായ് പെയ്തലറിയാർത്തു
വൃശ്ചികകാറ്റിനെ മെല്ലെത്തലോടീട്ടു പൂമഴയായവൾ പുഞ്ചിരിച്ചു
ധനുമാസരാവിനെ കുളിരണിയിക്കുവാൻ
മഴമേഘജാലമായ് വാനിലെത്തി.
മരം കോച്ചും മകരത്തിൽ മറഞ്ഞിരുന്നു
കുംഭത്തിൽ കുടുകുടെ പെയ്തു
ഭൂമിതൻ ഹൃത്തിലേക്കൊഴുകിയവൾ മെല്ലെ
ജീവന്റെ മുളപൊട്ടി തോഷമോടെ.
മീനക്കൊടുംചൂടിൽ ബാഷ്പമായ് തീർന്നുവോ
കൊടിയ ദാഹത്താൽ നാം വലഞ്ഞുവെന്നോ
കണിക്കൊന്ന പൂവിടും മേടവിഷുനാളിൽ
ചെറുതായ് പൊടിച്ചു നീ ശുദ്ധമാക്കി
ഇടവപ്പാതിയിൽ ഇടതടവില്ലാതെ
ഇടിവെട്ടി പെയ്തു നീ കലിയടക്കാൻ
മിഥുനത്തിനാലസ്യം തീർക്കുവാൻ നീയൊരു
മണിമഴയായി ചിതറിച്ചാറി
കർക്കിടക കരിക്കാടികുടിപ്പിക്കാൻ
കാർമുഖം കാട്ടി നീ പെയ്താർത്തുവോ
എങ്കിലും പെണ്ണേ നിൻ ചിലമ്പിൻ ചിരിയൊച്ച
കേൾക്കാൻ കൊതിക്കുന്നു എന്നുമെന്നും.....

ANANDHAN P 9G

# The Weight of Unseen Scars

(സംസ്ഥാനകലോൽസവത്തിൽ എ ഗ്രേഡ് നേടിയ കവിത)



I was alive, but dead
My soul left me a long time ago
I was alone , but in the crowd
And so, I was afraid of the crowd

My tears dropped like from melting ice
I could hear screams here and there
And so, I couldn’t put my head down
I was shivering because of the visions
that’s going through my head
When I closed my eyes
I could see the devil digging up the past

The pain made me weaker
My eyes were bloodshot
Tears tared me apart
Drained my gloomy eyes

Every night I would sit at the corner of the room
And for the sake of mine
I would try to fell asleep
But It wouldn’t leave me alone

There were scars all over my body
It didn’t bother me that much
As they would heal by when the time flies
I was frightened of it coming back

Sweat, tears and blood
They were draining out of my body
I was anxious like
I was drowning in the ocean of anxiety


**Thought  I should kill myself**
**But I didn't**
**Maybe I should kill the pain**
**But I couldn't**

**Right now I was useless**
**And so I was hopeless**
**All I could do was weep and sneeze**
**In the corner of my room**

**They say "pain makes you stronger"**
**But all It did to me was making me weaker**
**It  still stuck on me**
**And would never leave me**

**Maybe the only way to get rid of this**
**would be death...**
**But No! I should survive the pain**
**So I shouldn't regret**
**missing what fate had for me**

**STEPHIN SAJI  -10C**



# സൈബർ സുരക്ഷാഅറിയിപ്പുകളുമായി കരുനാഗപ്പള്ളി ബോയ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ



വർദ്ധിച്ചു വരുന്ന സൈബർ തട്ടിപ്പുകൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുവാൻ കരുനാഗപ്പള്ളി ബോയ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ കരുനാഗപ്പള്ളിയുടെ വിവിധഭാഗങ്ങളിൽ ബോധവൽക്കരണക്ലാസും ലഘുലേഖാവിതരണവും നടത്തി.പ്രസ്തുത പരിപാടിയുടെ ഉൽഘാടനം ജനുവരി 21 ന് താച്ചയിൽ ജംഗ്ഷനിൽ വച്ച് കൂടിയ യോഗത്തിൽ സ്കൂൾ മാനേജർ ശ്രീമതി:എൽ ശ്രീലത നിർവഹിച്ചു.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡെപ്യൂട്ടി ലീഡർ ഗൗതം യു അധ്യക്ഷവഹിച്ച യോഗത്തിൽ യൂണിറ്റ് ലീഡർ ഡിനു സി സ്വാഗതവും സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി:ടി സരിത, കൈറ്റ് മാസ്റ്റർ ട്രയിനർ കോർഡിനേറ്റർ ശ്രീ.എസ് പ്രമോദ് ,പിടിഎ പ്രസിഡന്റ് ശ്രീ.എച്ച് എ സലാം, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പിആർഒ ആർ കൃഷ്ണകുമാർ മുൻ മുൻസിപ്പൽ വൈസ് ചെയർമാൻ ശ്രീ.ആർ രവീന്ദ്രൻ പിള്ള ,അനന്തൻ പി,എന്നിവർ ആശംസകൾ അർപ്പിച്ചു.പ്രത്യുഷ് വിനായക് പി ജെ യോഗത്തിന് നന്ദി പറഞ്ഞു.

ബോധവൽക്കരണ പരിപാടിയുടെ മുന്നോടിയായി "സൈബർ സുരക്ഷ അപകട സാധ്യതകളെ തിരിച്ചറിയുക" എന്ന വിഷയത്തിൽ പരിശീലന ക്ലാസ് നടന്നു. കൊല്ലം സൈബർ സെല്ലിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ എസ് അരുൺകുമാർ ക്ലാസ് കൈകാര്യം ചെയ്തു.കൈറ്റ് മാസ്റ്റർമാരായ എൻ സുഭാഷ് ,ജെ. ജയകൃഷ്ണൻ ,ബി. ബെൻസി ടീച്ചർ, ബി. രജനി ടീച്ചർ എന്നിവർ നേതൃത്വം നൽകി



ദേശാഭിമാനി

## സൈബർ സുരക്ഷാ സന്ദേശവുമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



## സൈബർ തട്ടിപ്പ്: ബോധവൽക്കരണവുമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ

കരുനാഗപ്പള്ളി ● വർധിച്ചു വരുന്ന സൈബർ തട്ടിപ്പുകൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുവാൻ കരുനാഗപ്പള്ളി ബോയ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ലാസും ലഘുലേഖ വിതരണവും നടത്തി. പരിപാടി സ്കൂൾ മാനേജർ എൽ.ശ്രീലത ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡെപ്യൂട്ടി ലീഡർ യു.ഗൗതം അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ടി.സരിത, കൈറ്റ് മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ എസ്.പ്രമോദ്, പിടിഎ പ്രസിഡന്റ് എച്ച്.എ.സലാം, പൊലീസ് സ്റ്റേഷൻ പിആർഒ ആർ.കൃഷ്ണകുമാർ, നഗരസഭ മുൻ ഉപാധ്യക്ഷൻ ആർ.രവീന്ദ്രൻപിള്ള, പി.അനന്തൻ, യൂണിറ്റ് ലീഡർ സി.ഡിനു, പി.ജെ.പ്രത്യൂഷ് വിനായക് എന്നിവർ പ്രസംഗിച്ചു. പരിശീലന ക്ലാസ് നടത്തി. കൊല്ലം സൈബർ സെല്ലിലെ അസി.സബ് ഇൻസ്പെക്ടർ എസ്.അരുൺകുമാർ ക്ലാസ് എടുത്തു. കൈറ്റ് മാസ്റ്റർമാരായ എൻ.സുഭാഷ്, ജെ.ജയകൃഷ്ണൻ, ബി.ബെൻസി, ബി.രജനി എന്നിവർ നേതൃത്വം നൽകി.







# പഠനയാത്ര



അനിമേഷനെ പറ്റി കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വേണ്ടി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി ഒരു പഠനയാത്ര സംഘടിപ്പിച്ചു. 28.1.2025 തിങ്കളാഴ്ച തിരുവനന്തപുരം ടെക്നോപാർക്കിലുള്ള ടൂൺസ് അനിമേഷൻ സെൻ്ററിലേക്കായിരുന്നു യാത്ര.രാവിലെ ടൂൺസിലെത്തിയ വിദ്യാർത്ഥികൾക്ക് മികച്ച പരിഗണനയാണ് നല്കിയത്.ആദ്യമായി ഡയറക്ടർ ,സ്ഥാപനത്തിനെ പറ്റി മികച്ച ഒരു വിവരണം കുട്ടികൾക്ക് നല്കി.അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടെ വ്യക്തമാക്കി പറഞ്ഞു കൊടുത്തതിനുശേഷം കുട്ടികളെ രണ്ടു ബാച്ചായി വേർതിരിച്ച് സ്ഥാപനത്തിലുള്ള രണ്ട് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 2D, 3D, സ്റ്റുഡിയോയിലേക്ക് അയച്ചു. ഒരു അനിമേഷൻ്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു.സ്റ്റോറി ബോർഡിനനുസരിച്ചുള്ള കഥാപാത്രങ്ങളെ നിർമ്മിക്കുന്നത് അവയ്ക്ക് ചലനം കൊടുക്കുന്നത് ,ശബ്ദം നല്കുന്നത് എന്നിവ വളരെ കൗതുകത്തോടെ കുട്ടികൾ നേരിൽ കണ്ടു മനസ്സിലാക്കി .അവരുടെ സംശയങ്ങൾക്ക് വ്യക്താമായ മറുപടി നല്കാനും ഉദ്യോഗസ്ഥർ മറന്നില്ല.അനിമേഷൻ കഥാപാത്രങ്ങളുടെ ശില്പങ്ങൾ കാണാൻ കഴിഞ്ഞത് പ്രത്യേക അനുഭവമായി. അവസാനമായി ഒരു ലഘു അനിമേഷൻ ചിത്രം അജിത്ത് സർ കുട്ടികൾക്കായി നിർമ്മിച്ച് കാണിച്ചത് ഈ മേഖലയിലേക്ക് കുട്ടികൾക്കുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതായിരുന്നു.

യാത്രയുടെ തിരുച്ചുവരവിൽ തോന്നയ്ക്കലുള്ള ആശാൻ സ്മാരകം സന്ദർശിച്ചു. കുമാരനാശാൻ മലയാളത്തിന് നല്കിയ സംഭാവനകൾ മനസ്സിലാക്കാനും, ആശാൻ കവിതകളുടെ കയ്യെഴുത്തു പ്രതികൾ നേരിട്ട് കണ്ടവാനും കുട്ടികൾക്ക് കഴിഞ്ഞു. സ്മാരകത്തിൽ സ്ഥാപിച്ചിട്ടുള്ള കാനായി കുഞ്ഞുരാമൻ്റെ പ്രതിമ കുട്ടികളിൽ കൗതുകം ഉണർത്തി.











# ടാലന്റ് -2024



വിവിധ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നോത്തരി പരമ്പര ,ടാലന്റ് -2024 ന്റെ ഒന്നാം റൗണ്ട് മത്സരം ഡിസംബർ -3 ന് ആരംഭിച്ചു. ഒന്നാം റൗണ്ട് മത്സരത്തിൽ എച്ച് എസ് വിഭാഗത്തിൽ 48 ടീമുകളും (ഒരു ടീമിൽ രണ്ടുകുട്ടികൾ വീതം),യു പി വിഭാഗത്തിൽ 18 ടീമുകളും പങ്കെടുത്തു.സ്കൂൾ കംമ്പ്യൂട്ടർ ലാബിൽ ആരംഭിച്ച മത്സരം സ്കൂൾ ഹെഡ്മിസ്ട്രസ് സരിത റ്റി ഉത്ഘാടനം ചെയ്തു.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന മത്സരം, കൈറ്റ് മാസ്റ്റർ എൻ സുഭാഷ് ,മിസ്ട്രസ്സുമാരായ ബെൻസിടീച്ചർ,രജനി ടീച്ചർ എന്നിവർ നേതൃത്വം നല്കി

ടാലന്റ് -2024 ന്റെ ഫൈനൽ മത്സരം ജനുവരി 31 ന് സ്കൂൾ കംമ്പ്യൂട്ടർ ലാബിൽ നടന്നു.ഒന്നാം റൗണ്ടിൽ എച്ച് എസ് വിഭാഗത്തിൽ നിന്നും 48 ടീമുകൾ പങ്കെടുത്തപ്പോൾ ഫൈനൽ റൗണ്ടിൽ എത്തിച്ചേർന്നത് ഒൻപത് ടീമുകൾ ആണ്.ഇവരിൽ 9H ലെ ഡിനു സി ,പാർത്ഥിവ് എ ജെ ഉൾക്കൊള്ളുന്ന ടീം ഒന്നാമത് എത്തി. രണ്ടാം സ്ഥാനത്ത് 9 E ലെ സിദ്ധാർത്ത് സുഗതൻ, സ്കന്ദൻ എസ് എന്നിവരും മൂന്നാം സ്ഥാനം 8A ലെ നവനീത് ആർ, ആദിത്യൻ എന്ന ടീമും, 8 G ലെ അവതാർ ടി ജെ, ശ്രീറാം ആർ എന്നിവരും പങ്കിട്ടെടുത്തു.

യു പി വിഭാഗത്തിൽ നിന്നും ഒന്നാം സ്ഥാനത്ത് എത്തിയത് 7A ലെ സാധുജ് എസ് ,സാധക് എസ് എന്നിവരാണ്.രണ്ടാം സ്ഥാനം 6B ലെ മുഹമ്മദ് നായിഫ് എൻ, അജ്സൽ ജവാദ് , 6B ലെ തന്നെ റാവിഷ് പി , സൽസബീൽ എന്നീ രണ്ടു ടീമുകൾ പങ്കിട്ടെടുത്തു.മൂന്നാം സ്ഥാനത്ത് എത്തിച്ചേർന്നത് 7B ലെ അജ്മൽ എൻ, ബിജിൻ ബി ശ്രീദേവ് എസ് ,ആദിദേവ് ആർ എന്നിവർ ഉൾക്കൊള്ളുന്ന രണ്ടു ടീമുകൾ ആണ് .











# ചിത്രജാലകം

**പ്രതിഭാസംഗമം, ഡിജിറ്റൽ മാഗസിൻ പ്രകാശനം,ലിറ്റിൽ ഡിജിറ്റൽ സേവാകേന്ദ്രം ഉൽഘാടനം എന്നിവയിലൂടെ...............**




























# നന്ദി

ഈ മാഗസിൻ തയ്യാറാക്കുവാൻ ഞങ്ങളെ സഹായിച്ച എല്ലാ കൂട്ടുകാർക്കും അദ്ധ്യാപകർക്കും

നന്ദി.................

ഈ മാഗസിന്റെ കവർപേജ് ഉൾപ്പെടെ തയ്യാറാക്കുവാൻ വേണ്ട മാർഗനിർദ്ദേശം നല്കിയ വിഷ്ണുസാറിന് പ്രത്യേകനന്ദി..........



## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| MUHAMMED IRFAN. N | 8D |
| MUHAMMED RIDWAN | 9D |
| ANANDHAN P | 9G |
| DINU C | 9D |
| PRATHYUSH VINAYAK. P. J | 9G |
| RIJU MOHAN | 9D |